# മലപ്പുറം ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ നടപടി ഉത്തരവ്

മൃഗസംരക്ഷണ വകുപ്പ് – വ്യവസായ കാർഷിക വിപണനമേള –2014 – സെമിനാറിൽ പങ്കെടുക്കുന്നതിനായി വെറ്ററിനറി സർജൻമാരെയും, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെയും അറ്റന്റന്റുമാരെയും നിയോഗിച്ചുകൊണ്ട് ഉത്തരവാകുന്നു.

==========================================================================

നമ്പർ.ബി2/8438/2014 തീയ്യതി: 15/12/2014

==========================================================================

പരാമർശം:1) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 14/11/2014ലെ ഇ3/32491/14 നമ്പർ ഉത്തരവ്

2) ചീഫ് വെറ്ററിനറി ഓഫീസർ, ഡി.വി.സി,മലപ്പുറത്തിന്റെ 6/12/14 ലെ 170/2014 നമ്പർ കത്ത്

## ഉത്തരവ്

മേൽ പരാമർശം 1 പ്രകാരം വ്യവസായ കാർഷിക വിപണന പ്രോത്സാഹന മേള –2014 നടത്തുന്നതിനായി ഭരണാനുമതിയും തുകയും അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 2014 ഡിസംബർ 20 മുതൽ 30 വരെ എം.എസ്.പി. സ്കൂളിൽ വെച്ച് നടത്തുന്ന വ്യവസായ കാർഷിക വിപണന പ്രോത്സാഹന മേളയുടെ ഭാഗമായി 27–12–2014 ന് 9 മണി മുതൽ 5 മണി വരെ നടത്തുന്ന ഏകദിന സെമിനാറിൽ ഈ ജില്ലയിലെ എല്ലാ വെറ്ററിനറി സർജൻമാരും ഓരോ പ്രധാന കർഷകരെ വീതം നിർബന്ധമായി പങ്കെടുപ്പിക്കേണ്ടതും, ഏറനാട് താലൂക്കിലെ എല്ലാ വെറ്ററിനറി സർജൻമാരും പങ്കെടുക്കേണ്ടതുമാണ്. കൂടാതെ ഉള്ളടക്കം ചെയ്തിരിക്കുന്ന ലിസ്റ്റിൽ പറയുന്ന ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെയും, അറ്റന്റന്റുമാരെയും 2014– ഡിസംബർ 20 മുതൽ 30 വരെ വകുപ്പിന്റെ എക്സിബിഷൻ സ്റ്റാളുകളുടെ പ്രവർത്തനത്തിനായി നിയോഗിച്ചുകൊണ്ടും ഉത്തരവാകുന്നു.

ബന്ധപ്പെട്ട നിയന്ത്രണോദ്യോഗസ്ഥർ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെയും, അറ്റന്റന്റുമാരെയും യഥാസമയം ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വിടുതൽ ചെയ്യേണ്ടതും, വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഡോ.ആർ.ശ്രീനിവാസൻ
ജില്ലാ മൃഗസംരക്ഷണ ഓഫീസർ
മലപ്പുറം

ഉള്ളടക്കം : (ലിസ്റ്റുകൾ 2 എണ്ണം)

<u>പകർപ്പ്</u> :
1. എല്ലാ വെറ്ററിനറി ഓഫീസർമാർക്കും
2. ടെക്നിക്കൽ അസിസ്റ്റന്റ്– ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ ബ്ലോഗിൽ വിവരം ലഭ്യമാക്കുന്നതിനായി
3. സൂക്ഷിപ്പ് ഫയൽ എ1, ബി1, ബി2, ബി4, സി.സെക്ഷൻ